**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **19-06-2024 - ൽ മറുപടിയ്ക്ക്**

**മൈലപ്പള്ളി തൂക്കുപാലത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം, ഏറ്റുമാനൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ നിർമ്മിച്ചതുമായ മൈലപ്പള്ളി തൂക്കുപാലം അപകടാവസ്ഥയിലാണന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മൈലപ്പള്ളി തൂക്കുപാലം കാലപഴക്കത്താൽ അപകടാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി എത്ര തുക ആവശ്യമാണെന്നും ഏത് വകുപ്പിൽ നിന്നാണ് തുക അനുവദിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ KEL മുഖേന നിർമ്മിച്ചതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ അപകടാവസ്ഥയിലുള്ള വിവിധ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയോ (SDMF) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയോ (SDRF) മാനദണ്ഡ പ്രകാരം തുക അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല. അതിനാൽ പ്രസ്തുത പാലങ്ങളുടെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകേണ്ടതും അപകട സാധ്യത ഒഴിവാക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണെന്ന് 01.08.2018 ലെ DM1/48/2017-DMD നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു(പകർപ്പ് അനുബന്ധമായി ചേർക്കുന്നു). ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ മൈലപ്പള്ളി തൂക്കുപാലത്തിന്റെ ഉടമസ്ഥാവകാശം വിജയപുരം ഗ്രാമ പഞ്ചായത്തിന് നൽകി 16.10.2018-ന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പാലത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് കൊണ്ട് അപകട സാധ്യത ഒഴിവാക്കാനുള്ള മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. |
| (സി) | പ്രസ്തുത പാലം അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ KEL മുഖേന നിർമ്മിച്ചതും റവന്യൂ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | ഉടമസ്ഥതയില്ലുള്ളതുമായ അപകടാവസ്ഥയിലുള്ള വിവിധ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയോ (SDMF) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയോ (SDRF) മാനദണ്ഡ പ്രകാരം തുക അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല. അതിനാൽ പ്രസ്തുത പാലങ്ങളുടെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകേണ്ടതും അപകട സാധ്യത ഒഴിവാക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണെന്ന് 01.08.2018 ലെ DM1/48/2017-DMD നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിരുന്നു.(പകർപ്പ് അനുബന്ധമായി ചേർക്കുന്നു). ആയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കളക്ടർ മൈലപ്പള്ളി തൂക്കുപാലത്തിന്റെ ഉടമസ്ഥാവകാശം വിജയപുരം ഗ്രാമ പഞ്ചായത്തിന് നൽകി 16.10.2018-ന് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പാലത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് കൊണ്ട് അപകട സാധ്യത ഒഴിവാക്കാനുള്ള മുൻകരുതൽ സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

Issue No : I/3508426/2018

കേരള സർക്കാർ

ദുരന്ത നിവാരണ(എ) വകുപ്പ്

നമ്പർ. DM1/48/2017-DMD

01/08/2018,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും.

സർ,

വിഷയം:- ദുരന്ത നിവാരണ വകുപ്പ്-അപകടാവസ്ഥയിലുള്ള തൂക്കുപാലങ്ങൾ-ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതു സംബന്ധിച്ച്.

സൂചന:- 1)18/11/2017 തീയതിയിലെ തൃശ്ശൂർ ജില്ലാ കളക്ടറുടെ K4-19265/2010(2) നമ്പർ കത്ത്
2)25/11/2017 തീയതിയിലെ കാസർഗോഡ് ജില്ലാ കളക്ടറുടെ K1-21746/2013 നമ്പർ കത്ത്
3)11/12/2017 തീയതിയിലെ മലപ്പുറം ജില്ലാ കളക്ടറുടെ DM2-56850/2012 നമ്പർ കത്ത്
4)20/12/2017 തീയതിയിലെ ആലപ്പുഴ ജില്ലാ കളക്ടറുടെ DMC1-54513/2009 നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ KEL മുഖേന നിർമ്മിച്ചതും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ അപകടാവസ്ഥയിലുള്ള വിവിധ തൂക്കുപാലങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിൽ (SDMF) നിന്നും തുക അനുവദിക്കണമെന്ന് സൂചന കത്തുകൾ പ്രകാരം കളക്ടർമാർ അഭ്യർത്ഥിച്ചിരുന്നു.

എന്നാൽ സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെയോ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയോ (SDRF) മാനദണ്ഡപ്രകാരം പ്രസ്തുത തുക അനുവദിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ പാലങ്ങളുടെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകേണ്ടതും അപകട സാധ്യത ഒഴിവാക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

**സുനിത ഐ**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.